**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2346** **13-09-2023 - ൽ മറുപടിയ്ക്ക്**

**വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മരുന്ന് സംഭരണശാലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കൊല്ലം, തിരുവനന്തപുരം എന്നീ മരുന്ന് സംഭരണശാലകളിൽ തീപിടിത്തമുണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | ഗോഡൗണുകളിൽ ബ്ലീച്ചിങ് പൗഡർ സംഭരിച്ചിരുന്ന സ്ഥലങ്ങളിൽ നിന്നാണ് തീപിടുത്തം ഉണ്ടായത്. പ്രസ്തുത തീപിടിത്തങ്ങളുടെ കാരണം ബ്ലീച്ചിങ് പൗഡർ തന്നെയാണോ എന്നതിൽ അന്വേഷണം നടന്നു വരുന്നു. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) | ഭാവിയിൽ തീപിടിത്തമുണ്ടാവുന്നത് തടയാൻ കെ.എം.എസ്.സി.എൽ. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | ബ്ലീച്ചിങ് പൗഡർ വലിയ തോതിൽ സംഭരിച്ചിരുന്ന സ്ഥലങ്ങളിൽ നിന്നാണ് തീപിടുത്തം ഉണ്ടായത് എന്നതിനാൽ വെയർ ഹൗസുകളിൽ സൂക്ഷിച്ചിരുന്ന ബ്ലീച്ചിങ് പൗഡർ മറ്റ് കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സുരക്ഷിത അകലം പാലിച്ച് സൂക്ഷിച്ചിരിക്കുകയാണ്.<br><br>എല്ലാ വെയർ ഹൗസുകളിലും സുരക്ഷ ഉറപ്പാക്കുന്നതിന് രാത്രിയിൽ രണ്ട് സെക്യൂരിറ്റി ജീവനക്കാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്.<br><br>വെയർ ഹൗസിലെ ജീവനക്കാർക്ക് അഗ്നി സുരക്ഷാ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ട്രെയിനിംഗ് ഫയർ ഫോഴ്സ് വകുപ്പ് മുഖേനെ നല്കിയിട്ടുണ്ട്.<br><br>കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള എല്ലാ വെയർഹൗസുകളിലും എൻ.ബി.സി. നിഷ്കർഷിക്കുന്ന പ്രകാരമുള്ള അഗ്നി സുരക്ഷാ സംവിധാനം മെസ്സേഴ്സ് എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് മുഖാന്തിരം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.<br><br>ബ്ലീച്ചിങ് പൗഡർ സംഭരിച്ചിരുന്ന സ്ഥലങ്ങളിൽ നിന്നാണ് തീപിടുത്തം ഉണ്ടായതെന്ന പ്രാഥമിക നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ഗോഡൌണുകളിൽ ബ്ലീച്ചിങ് പൗഡർ വലിയ തോതിൽ സംഭരിക്കുന്നത് നിർത്തിവെച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഫയർ ഹസാർഡ്, കെമിക്കൽ ഹസാർഡ്, വർക്കർ സേഫ്റ്റി, സ്റ്റോറേജ് സേഫ്റ്റി എന്നിവ കണക്കിലെടുത്ത് പ്രാവീണ്യമുള്ള ഒരു സുരക്ഷാ ഉദ്യോഗസ്ഥനെ **(Fire & Safety)** കോർപ്പറേഷന്റെ വലുതും ചെറുതുമായ കെട്ടിടങ്ങളുടെ സുരക്ഷയുടെ മേൽനോട്ടത്തിന് നിയമിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് വരുന്നു. |
| (സി) | കെ.എം.എസ്.സി.എൽ.-ന്റെ ജില്ലാ മരുന്ന് സംഭരണശാലകളിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ; | (സി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ജില്ലാ മരുന്ന് സംഭരണശാലകളിൽ ഒൻപത് എണ്ണം വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത് |
| (ഡി) | കാലപ്പഴക്കം ചെന്നതും മരുന്നുകൾ സൂക്ഷിക്കുവാൻ മതിയായ സുരക്ഷാ സംവിധാനങ്ങൾ ഇല്ലാത്തതുമായ വാടക കെട്ടിടങ്ങൾ ഒഴിവാക്കി സ്വന്തം നിലയിൽ അത്യാധുനിക ശാസ്ത്രീയ മരുന്ന് സംഭരണശാലകൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; | (ഡി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് സ്വന്തമായി മരുന്ന് സംഭരണശാലകൾ ഇല്ലാത്ത ജില്ലകളിൽ ശാസ്ത്രീയ മരുന്ന് സംഭരണശാലകൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ട്. |
| (ഇ) | കരുവണ്ണൂരിലുള്ള കോഴിക്കോട് ജില്ലാ മരുന്ന് സംഭരണശാല നഗരപരിധിയിൽ നിന്നും നാൽപ്പത് കിലോമീറ്റർ അകലെ മതിയായ സുരക്ഷ സംവിധാനങ്ങൾ ഇല്ലാത്ത വാടക കെട്ടിടത്തിനാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | (ഇ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കോഴിക്കോട് ജില്ല മരുന്ന് സംഭരണശാല പ്രവർത്തിക്കുന്നത് കോഴിക്കോട് നഗരത്തിൽ നിന്നും **30** കിലോമീറ്ററോളം ദൂരത്തിലുള്ള കരുവണ്ണൂരിലെ കൊയിലാണ്ടി താലൂക്ക് അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ കെട്ടിടത്തിലാണ്. ടി കെട്ടിടത്തിൽ ഫയർഫോഴ്സ് അധികൃതർ നടത്തിയ പരിശോധനയിൽ എൻ.ബി.സി. നിഷ്കർഷിക്കുന്ന പ്രകാരമുള്ള അഗ്നി സുരക്ഷാ സംവിധാനം ഏർപ്പെടുത്തേണ്ടതും അഗ്നി സുരക്ഷാ വകുപ്പിൽ നിന്നും നിരാക്ഷേപസാക്ഷ്യ പത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണെന്ന് അറിയിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് നഗര പരിധിയിൽ മരുന്നു സംഭരണശാല സ്ഥാപിക്കുന്നതിന് അനുയോജ്യമായ കെട്ടിടമോ സ്ഥലമോ ലഭിക്കാത്തതിനാലാണ് ടി കെട്ടിടത്തിൽ മരുന്നു സംഭരണശാല പ്രവർത്തിക്കുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ മരുന്നു സംഭരണശാല സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കുന്നതിന് കെ.എം.എസ്.സി.എൽ. മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച ശിപാർശയിന്മേൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (എഫ്) | പ്രസ്തുത മരുന്ന് സംഭരണശാലയിൽ മതിയായ സുരക്ഷ സംവിധാനമില്ല എന്ന ഫയർ ഓഡിറ്റ് | (എഫ്) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കോഴിക്കോട് ജില്ല മരുന്ന് സംഭരണശാല |

| | | | |
|---|---|---|---|
| | റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാമോ? | | പ്രവർത്തിക്കുന്ന കരുവണ്ണൂരിലെ കൊയിലാണ്ടി താലൂക്ക് അഗ്രികൾച്ചറൽ കോ - ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ കെട്ടിടത്തിൽ ഫയർ ഫോഴ്സ് അധികൃതർ നടത്തിയ പരിശോധനയിൽ എൻ.ബി.സി. നിഷ്കർഷിക്കുന്ന പ്രകാരമുള്ള അഗ്നി സുരക്ഷാ സംവിധാനം ഏർപ്പെടുത്തേണ്ടതും അഗ്നി സുരക്ഷാ വകുപ്പിൽ നിന്നും നിരാക്ഷേപസാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണെന്ന് അറിയിച്ചിട്ടുണ്ട്.<br><br>കോർപ്പറേഷൻ വാടകയ്ക്ക് എടുത്തിട്ടുള്ള കെട്ടിടമായതിനാൽ ഫയർ ആൻഡ് സേഫ്റ്റി വകുപ്പിന്റെ നിർദേശം അനുസരിച്ചുള്ള സുരക്ഷാ മാനദണ്ഡങ്ങൾ അടിയന്തിരമായി സ്ഥാപിക്കേണ്ടതാണ് എന്ന നിർദ്ദേശം കെട്ടിട ഉടമസ്ഥനു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ